**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 150 — 11.08.2017-ൽ മറുപടിയ്ക്ക്.

**നവകേരളത്തിന് ജനകീയാസൂത്രണം**

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. എസ്.ശർമ്മ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നവകേരളത്തിന് ജനകീയാസൂത്രണം എന്ന വികസനസന്ദേശം സാമൂഹ്യനീതിയിലധിഷ്ഠിതമായ പ്രാദേശികവികസനത്തിന് എത്രമാത്രം കരുത്ത് പകർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തെ വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേയ്ക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹ്യനീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമ മാതൃകയായി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സാമൂഹ്യനീതിക്കും പ്രാദേശിക സാമ്പത്തിക വികസനത്തിനും ആവശ്യമായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ രൂപം കൊടുക്കുന്നതിന് ജനകീയാസൂത്രണത്തിന് കഴിയുന്നുണ്ട്. ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ജനപങ്കാളിത്തവും വിദഗ്ധരുടെ സേവനവും ഉറപ്പാക്കുന്നതിനുള്ള പിന്തുണാ സംവിധാനം ഒരുക്കിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ആസൂത്രണ സമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ്, ഗ്രാമസഭ, വികസന സെമിനാർ എന്നിങ്ങനെയുള്ള പദ്ധതി രൂപീകരണ പ്രക്രിയ ജനകീയാസൂത്രണം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ഗുണമേന്മയുള്ള പ്രോജക്ടുകൾക്കും നൂതന പ്രോജക്ടുകൾക്കും രൂപം നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. |
| (ബി) | പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സാമൂഹ്യ-വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ ലക്ഷ്യമാക്കുന്ന വികസന മിഷനുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; | (ബി) | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷിക വികസനം, ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം മുതലായവയുള്ള 'ഹരിത കേരളം', സമ്പൂർണ്ണ ഭവനപദ്ധതിയായ ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം', ആരോഗ്യ സംരക്ഷണ പരിപാടികൾക്കായുള്ള 'ആർദ്രം മിഷൻ', എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര പരിപാടികളായി നടത്തണമെന്ന നിലയിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വികസനരേഖയിൽ ഉൾക്കൊള്ളിക്കണമെന്ന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധാന പ്രശ്നമായിരുന്ന അഴിമതി, സ്വജന പക്ഷപാതം, കെടുകാര്യസ്ഥത എന്നിവ അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br>ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി ഇല്ലാതാക്കുന്നതിന് ഫോർ ദ പീപ്പിൾ എന്ന ഓൺലൈൻ പരാതി പരിഹാര പരിപാടിക്ക് തദ്ദേശഭരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇത് കൂടാതെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. അഴിമതി, സ്വജനപക്ഷപാതം, കെടുകാര്യസ്ഥത എന്നിവയിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ